# വിദ്യാഭ്യാസ അവകാശ നിയമത്തിലെ അപാകതകൾ

ഡോ. സ്റ്റീഫൻ ആലത്തറ

2010 ഏപ്രിൽ ഒന്നിന് നിലവിൽവന്ന ഭാരതത്തിലെ വിദ്യാഭ്യാസ അവകാശനിയമം (The Right of Children to Free and Compulsory Education Act) ചരിത്രപരമായ കാൽവയ്പ്പാണ്. 6 വയസ്സു മുതൽ 14 വയസ്സു വരെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പുനല്കുന്ന നിയമം 2009 ആഗസ്റ്റ് 27 -നാണ് പാർലമെന്റ് പാസാക്കിയത്. 2002-ൽ വരുത്തിയ 86-ാം ഭരണ ഘടന ഭേദഗതിയിലൂടെ വിദ്യാഭ്യാസം മൗലിക അവകാശമായി മാറ്റിയെങ്കിൽ പുതിയ നിയമത്തിലൂടെ ഭാരതത്തിൽ വിദ്യാഭ്യാസം സൗജന്യവും നിർബന്ധിതവുമാക്കി. ഭാരതത്തിലെ ഭൂരിഭാഗം കുട്ടികൾക്കും പ്രാഥമിക വിദ്യാഭ്യാസം ലഭിക്കുന്നില്ല എന്ന തിരിച്ചറിവാണ് ഇത്തരം ഒരു നിയമനിർമ്മാണത്തിന് സർക്കാരിനെ പ്രേരിപ്പിച്ചത്. നമ്മുടെ നാട്ടിലെ കുട്ടികളിൽ ചിലർ ഇടയ്ക്കുവച്ച് പഠനം നിറുത്തുകയോ ഒരിക്കലും സ്കൂളിൽ പോകാതിരിക്കുകയോ ചെയ്യുന്നു. യോഗ്യതയും പരിശീലനവും ഇല്ലാത്ത അധ്യാപകർ, വികലമായ പാഠ്യപദ്ധതികൾ, ബഞ്ച്, ഡസ്ക്, ബ്ലാക്ക് ബോർഡ്, പുസ്തകങ്ങൾ തുടങ്ങിയ പഠനസഹായികളുടെ അഭാവം, വെള്ളം, ഭക്ഷണം, പ്രാഥമിക ആവശ്യങ്ങൾ നിർവഹിക്കാനുള്ള സ്ഥലങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ കുറവ് എന്നിവ ഭാരതത്തിലെ മിക്ക സ്കൂളുകളുടെയും അവസ്ഥയാണ്. ഭാരതത്തിൽ വിദ്യാഭ്യാസം ആരംഭിക്കുന്ന കുട്ടികളിൽ 18% കുട്ടികൾ മാത്രമേ ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നുള്ളൂ. ഇവരിൽ 7% മാത്രമേ ഉന്നതവിദ്യാഭ്യാസം കരസ്ഥമാക്കുന്നുള്ളൂ. സ്കൂളിൽ ചേരുന്ന കുട്ടികളിൽ 25% പേരെങ്കിലും ഉന്നതവിദ്യാഭ്യാസം നേടേണ്ടത് രാജ്യത്തിന്റെ അടിയന്തിര ആവശ്യങ്ങളിൽ ഒന്നാണ്.

വിദ്യാഭ്യാസം അവകാശമായി മാറുമ്പോൾ ഗുണനിലവാരമുള്ള വിദ്യാഭ്യാസം എല്ലാ കുട്ടികൾക്കും ലഭിക്കുമെന്ന് പ്രത്യാശിക്കുന്നു. പാതിവഴിയിൽ വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവരുന്നവർക്ക് എപ്പോൾ വേണമെങ്കിലും സ്കൂളിൽ തിരിച്ച് ചേരാൻ സാധിക്കും. അവരുടെ പ്രായത്തിന് അനുസരിച്ചുള്ള ക്ലാസ്സുകളിൽ അവർക്ക് പ്രവേശനം നല്കണം. എല്ലാ കുട്ടികളെയും സ്കൂളിൽ എത്തിക്കാൻ നിയമം അനുശാസിക്കുന്നു. സ്കൂളുകൾ കുറവുള്ള മേഖലകളിൽ പുതിയവ ആരംഭിക്കണം. പരമ്പരാഗതമായ സ്കൂളുകളുടെ ഡിസൈൻ മാറ്റണം. അച്ചടക്കത്തെക്കുറിച്ചുള്ള സങ്കല്പങ്ങൾ അഴിച്ചുപണിയണം. ശാരീരികവൈകല്യങ്ങളും മറ്റ് അവശതകളും ഉള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നല്കണം. ശാരീരികവൈകല്യമുള്ളവർക്ക് ക്ലാസ്സ് മുറികളിൽ അനായാസം എത്താൻ പറ്റുന്നവിധത്തിൽ സ്കൂൾ കെട്ടിടം പുനർനിർമ്മിക്കണം. കുട്ടികളുടെ ആരോഗ്യപരിരക്ഷ ഉറപ്പുവരുത്തുന്നതിന് സ്കൂളിൽ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കണം. പിന്നാക്കവിഭാഗത്തിലെ കുട്ടികൾക്കും കൗമാരത്തോട് അടുക്കുന്ന പെൺകുട്ടികൾക്കും പ്രത്യേകം ശ്രദ്ധ നല്കണം. സമ്മർദ്ദങ്ങൾ ഉണ്ടാകാത്തതും വിദ്യാർത്ഥികളുടെ സൗഹൃദം വളർത്തുന്നതുമായ പഠനസംവിധാനം സ്കൂളുകളിൽ ഉണ്ടാകണം. പാഠപുസ്തകങ്ങൾക്കപ്പുറത്തേക്ക് കുട്ടികളുടെ രൂപീകരണം വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസ അവകാശനിയമം സ്വാഗതാർഹമാണെങ്കിലും നിയമത്തിൽ അപാകതകളുമുണ്ട്.

## 1. പഠനാന്തരീക്ഷം താറുമാറാക്കും

വിദ്യാലയങ്ങളിൽ പഠനാന്തരീക്ഷം ഉണ്ടെങ്കിലേ കുട്ടികളുടെ രൂപീകരണം ശരിയായി നിർവഹിക്കുവാൻ സാധിക്കൂ. വിദ്യാഭ്യാസപ്രക്രിയ അധ്യാപകരും മാനേജ്മെന്റും മാത്രം നിർവഹിക്കുന്ന ഒന്നല്ല. കുട്ടികൾക്കും മാതാപിതാക്കൾക്കും തുല്യപങ്കാളിത്തമുണ്ട്. വിദ്യാഭ്യാസപ്രക്രിയയിൽ അടിസ്ഥാനഘടകങ്ങൾ അഞ്ചാണ്. 1. കുട്ടികൾ. 2. അധ്യാപകർ. 3. പാഠ്യവിഷയം. 4. പഠനാന്തരീക്ഷം. 5. പഠനരീതി. ഈ അഞ്ചു ഘടകങ്ങളും ഒരുപോലെ പ്രവർത്തിക്കുമ്പോഴാണ് രൂപീകരണം അഥവാ വിദ്യാഭ്യാസം സാധ്യമാകുന്നത്. പുതിയ വിദ്യാഭ്യാസ അവകാശനിയമത്തിൽ കുട്ടികളുടെ അവകാശങ്ങളെ (Rights) ക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുട്ടികളുടെ കടമകൾ (Duties) പ്രതിപാദിച്ചിട്ടില്ല. ഭാരതത്തിന്റെ ഭരണഘടനയിൽ ഓരോ ഭാരതീയന്റെയും അവകാശങ്ങളെക്കുറിച്ചും കടമകളെക്കുറിച്ചും വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ടല്ലോ.

വിദ്യാലയത്തിൽ പഠനാന്തരീക്ഷം സൃഷ്ടിക്കുന്നതിലും പഠിക്കുന്നതിലും കുട്ടികൾക്ക് കടമകളുണ്ട്. കടമകൾ നിർവഹിക്കാത്ത വിദ്യാർത്ഥികളെ എപ്രകാരം കണക്കാക്കണം? പുതിയ നിയമമനുസരിച്ച് ഏതു കുട്ടിക്കും എപ്പോൾ വേണമെങ്കിലും ട്രാൻസ്ഫർ സർട്ടിഫിക്കറ്റ് ആവശ്യപ്പെടാം. അധ്യയനവർഷത്തിൽ എപ്പോൾ വേണ

മെങ്കിലും പുതിയ സ്കൂളിൽ പ്രവേശനം നേടാം (II 5/2). ഇത് നിരാകരിക്കുകയാണെങ്കിൽ ഉത്തരവാദിത്വപ്പെട്ടവരെ ശിക്ഷിക്കാൻ നിയമത്തിൽ വകുപ്പുണ്ട്. ഓരോ സ്കൂളിന്റെയും പഠനാന്തരീക്ഷം വ്യത്യസ്തമാണ്. സർക്കാർ സ്കൂളുകളുടെ പഠനാന്തരീക്ഷമല്ല സ്വകാര്യസ്കൂൾകൾക്കുള്ളത്. മാനദണ്ഡമില്ലാതെ ട്രാൻസ്ഫർ സർട്ടിഫിക്കറ്റുകൾ വാങ്ങുകയും ഇതരസ്കൂളുകളിൽ വ്യവസ്ഥകളില്ലാതെ പ്രവേശനത്തിന് പരിശ്രമിക്കുകയും ചെയ്യുന്നത് സ്കൂളുകളുടെ അധ്യയന അന്തരീക്ഷം താറുമാറാക്കും. കാലപ്പഴക്കത്തിൽ നമ്മുടെ നാട്ടിലെ പല മികച്ച സ്കൂളുകളും ഗുണനിലവാരം ഇല്ലാത്തതായി അധഃപതിക്കും.

## 2. തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങൾ

പുതിയ വിദ്യാഭ്യാസ അവകാശനിയമം തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് വിപുലമായ അധികാരങ്ങളാണ് നല്കുന്നത് (III 9/a-m). തങ്ങളുടെ അധികാരപരിധിയിൽ വരുന്ന സർക്കാർ, അർദ്ധ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് സ്കൂളുകളിൽ തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് നിയന്ത്രണങ്ങളുണ്ടാകും. നിയമപ്രകാരം സ്കൂളിലെ പ്രവേശനം, ഹാജർ എന്നിവ പരിശോധിക്കാനും നിർദ്ദേശങ്ങൾ നല്കാനും സാധിക്കും. സ്കൂളിലേക്ക് ആവശ്യമായ അടിസ്ഥാനസൗകര്യങ്ങൾ, പഠനസഹായികൾ, അധ്യാപകർ എന്നിവരെ നല്കാൻ അവകാശമുണ്ടായിരിക്കും. അധ്യാപകർക്ക് പരിശീലനം, സ്കൂളിലെ സമയക്രമം നിശ്ചയിക്കൽ, പാഠ്യപദ്ധതി തയ്യാറാക്കൽ, പാഠ്യവിഷയങ്ങൾ നിർദ്ദേശിക്കൽ, അധ്യയനവർഷ കലണ്ടർ തയ്യാറാക്കൽ, തയ്യാറാക്കുന്ന പുതിയ പാഠ്യപദ്ധതി അനുസരിച്ച് അധ്യാപകർക്ക് പരിശീലനം നല്കൽ എന്നിങ്ങനെ സ്കൂളുകളുടെ പ്രവർത്തനങ്ങൾ പരിശോധിക്കാനും വിലയിരുത്താനും തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്ക് അധികാരമുണ്ടായിരിക്കും. ഇച്ഛാശക്തിയുള്ളവരും രാഷ്ട്രീയാതീതമായി പ്രവർത്തിക്കുന്നവരും ആയ ഭരണാധികാരികളാണ് തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലുള്ളതെങ്കിൽ ഒരു പക്ഷേ ഇവയൊക്കെ വിജയം കണ്ടേക്കാം. ചപ്പുചവറുകൾ നീക്കംചെയ്യുന്നതിലും ജനങ്ങൾക്ക് ദാഹജലം എത്തിക്കുന്നതിലും പരാജയമടയുന്നവയാണ് നമ്മുടെ മിക്ക നഗരസഭകളും. പുതിയ റോഡ് പോയിട്ട് പൊട്ടിപ്പൊളിഞ്ഞ റോഡ് നന്നാക്കുവാൻ പോലും അറിയാത്ത നമ്മുടെ നാട്ടിലെ കോർപ്പറേഷൻ അധികാരികൾക്ക് എപ്രകാരം വിദ്യാഭ്യാസമെന്ന പവിത്രവും അതീവപ്രാധാന്യം അർഹിക്കുന്നതുമായ ഉത്തരവാദിത്വം നിർവഹിക്കുവാൻ സാധിക്കും? പാഠപുസ്തകങ്ങളിലൂടെ നിരീശ്വരവാദ പ്രത്യയശാസ്ത്രങ്ങൾ കുഞ്ഞുമനസ്സുകളിൽ കുത്തിനിറയ്ക്കാൻ പരിശ്രമിച്ചതിന്റെ ഫലമായി കേരളത്തിലെ വിദ്യാഭ്യാസഅന്തരീക്ഷം പ്രക്ഷുബ്ധമായത് നമുക്കൊക്കെ സുപരിചിതമാണല്ലോ. 2001–ൽ ദേശീയ പാഠ്യപദ്ധതിയിലെ പാഠപുസ്തകങ്ങൾ ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്ത് കാവി പുതപ്പിച്ചതും ഏറെ വിമർശനത്തിന് ഇടയാക്കിയിരുന്നു. പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും തയ്യാറാക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ പരിശ്രമിച്ചാൽ ഇവയൊക്കെ വീണ്ടും ആവർത്തിക്കാനിടയുണ്ട്.

## 3. വിദ്യാലയം തിരഞ്ഞെടുക്കാനുള്ള അവകാശം മാതാപിതാക്കൾക്ക്

വിദ്യാഭ്യാസ അവകാശനിയമത്തിൽ (III,10) കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം നല്കാൻ വിദ്യാലയം തിരഞ്ഞെടുക്കുമ്പോൾ ഏറ്റവും അടുത്ത വിദ്യാലയത്തിൽ കുട്ടികളെ ചേർക്കാൻ മാതാപിതാക്കൾക്ക് കടമയുണ്ടെന്ന് അനുശാസിക്കുന്നു. പഠിക്കുവാനുള്ള വിദ്യാലയം തിരഞ്ഞെടുക്കാനുള്ള അവകാശം കുട്ടികൾക്കും മാതാപിതാക്കൾക്കുമുള്ളതാണ്. തങ്ങളുടെ കുട്ടി ഏത് സ്കൂളിൽ പഠിക്കണമെന്ന് തീരുമാനിക്കേണ്ടത് സർക്കാരോ തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളോ അല്ല. പ്രാഥമിക വിദ്യാഭ്യാസസ്ഥാപനങ്ങൾ കുട്ടികൾക്ക് നടന്നുപോയി പഠിക്കുവാൻ സാധിക്കുന്ന രീതിയിൽ ഉണ്ടായിരിക്കണമെന്നും ഇല്ലാത്തപക്ഷം മൂന്നു വർഷത്തിനുള്ളിൽ പുതിയ സ്കൂളുകൾ സ്ഥാപിക്കണമെന്നും നിയമം നിർദ്ദേശിക്കുന്നു (III, 6). തൊട്ടടുത്തുള്ള സ്കൂളിൽ തന്നെ കുട്ടികളെ നിർബന്ധമായും ചേർത്തു പഠിപ്പിക്കണമെന്നുള്ള നിർദ്ദേശം മാതാപിതാക്കളുടെയും കുട്ടികളുടെയും അവകാശത്തിലും സ്വാതന്ത്ര്യത്തിലുമുള്ള കടന്നുകയറ്റമാണ്. മാതാപിതാക്കളുടെ കടമ തങ്ങളുടെ കുട്ടികൾക്ക് ഏറ്റവും മികച്ച വിദ്യാഭ്യാസം നല്കുക എന്നതാണ്; അല്ലാതെ ഏറ്റവും അടുത്ത സ്കൂളിൽ ചേർക്കുക എന്നതല്ല.

## 4. അൺഎയ്ഡഡ് സ്കൂളുകളുടെ അധിക സാമ്പത്തികഭാരം

സർക്കാരിൽ നിന്ന് സാമ്പത്തികസഹായം സ്വീകരിക്കാതെ സ്വാശ്രയ രീതിയിൽ പ്രവർത്തിക്കുന്നവയാണ് അൺഎയ്ഡഡ് സ്കൂളുകൾ. ഇത്തരം അൺഎയ്ഡഡ് സ്കൂളുകളിലും പുതിയ നിയമപ്രകാരം 25% പാവപ്പെട്ട കുട്ടികളെ സൗജന്യമായി പഠിപ്പിക്കണം. ഇത്തരത്തിൽ സൗജന്യമായി പഠിപ്പിക്കുന്ന കുട്ടികളുടെ ഫീസ്

പിന്നീട് സർക്കാർ നല്കുമെന്ന വാഗ്ദാനമുണ്ട്. കുട്ടികളുടെ ഫീസ് സർക്കാർ നല്കുമ്പോൾ സർക്കാർ സ്കൂളുകളിൽ ഒരു കുട്ടിക്ക് വരുന്ന തുകയാണ് ഫീസായി കണക്കാക്കി നല്കുന്നത്. മിക്ക അൺഎയ്ഡഡ് സ്കൂളുകളിലും സർക്കാർ സ്കൂളുകളെ അപേക്ഷിച്ച് മികച്ച അടിസ്ഥാന സൗകര്യങ്ങൾ ഉള്ളതുകൊണ്ട് സർക്കാർ ഫീസിൽ കുട്ടികളെ പഠിപ്പിക്കാൻ സാധിക്കുകയില്ല. ഇത്തരം അവസരത്തിൽ നിലനില്പിനുവേണ്ടി മറ്റു കുട്ടികളിൽ നിന്ന് കൂടുതൽ ഫീസ് ഈടാക്കേണ്ടി വരും. ഒരു കുട്ടിയെ പഠിപ്പിക്കാൻ വേണ്ടി ആ കുട്ടി യുടെ ഫീസ് ഇതര കുട്ടികൾ വഹിക്കുമ്പോൾ അത് ക്രോസ് സബ്സിഡിയാകും. സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കേസിൽ സുപ്രീംകോടതി വിധി പറഞ്ഞപ്പോൾ ക്രോസ് സബ്സിഡി പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കൂടുതൽ ഫീസ് കുട്ടികളിൽ നിന്ന് ഈടാക്കിയാൽ നിയമലംഘനമായിത്തീരും. വിദ്യാഭ്യാസരംഗത്ത് അൺഎയ്ഡഡ് സ്കൂളുകൾക്ക് വിദ്യാഭ്യാസ അവകാശനിയമം അംഗീകാരം നല്കുന്നതോടെ പൊതുവിദ്യാഭ്യാസ മേഖലയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കപ്പെടും. അൺഎയ്ഡഡ് മേഖലയുടെ വളർച്ച പൊതുവിദ്യാഭ്യാസ മേഖലയിൽ ആരോഗ്യകരമായ ഒന്നല്ല.

**5. പ്രവേശനവും ശിക്ഷണവും**

പുതിയ നിയമമനുസരിച്ച് കുട്ടികളുടെ സ്കൂൾ പ്രവേശനത്തിന് യാതൊരു വിധത്തിലുള്ള മാനദണ്ഡങ്ങളും പാടുള്ളതല്ല. പ്രവേശന പരീക്ഷ, പ്രവേശന അഭിമുഖം, പ്രവേശന ഫീസ് എന്നിവ നിരോധിച്ചിരിക്കുന്നു (IV 13, 2 a-b). ഇവയിൽ വീഴ്ചയുണ്ടായാൽ ബന്ധപ്പെട്ടവർ 50,000 രൂപ പിഴ അടയ്ക്കണം. അച്ചടക്കത്തെക്കുറിച്ച് പുതിയ സങ്കല്പം നിയമം വിഭാവന ചെയ്യുന്നതുകൊണ്ട് സ്കൂളുകളിൽ ശാരീരികശിക്ഷകൾ പാടില്ല. കുട്ടിയെ സ്കൂളിൽ നിന്ന് പുറത്താക്കൽ നിരോധിച്ചു (IV 16). ശാരീരിക പീഡനം മാത്രമല്ല മാനസിക പീഡനവും പാടില്ല (IV 17). അധ്യാപകർ കുട്ടികൾക്ക് നല്കുന്ന മാർഗനിർദ്ദേശങ്ങൾ പോലും കുട്ടികൾക്ക് വേണമെങ്കിൽ മാനസിക പീഡനമായി വ്യാഖ്യാനിക്കാം. പഠനത്തിൽ മോശമായ കുട്ടികളെയും തോല്പിക്കാൻ പാടില്ല. എല്ലാവരെയും എല്ലാ ക്ലാസ്സിലും ജയിപ്പിച്ചുകൊള്ളണം. വിദ്യാഭ്യാസ അവകാശനിയമം ഈ മേഖലയിൽ മുന്നോട്ടുവയ്ക്കുന്ന പലതും അംഗീകരിക്കാനാവില്ല. രൂപീകരണത്തിൽ ശിക്ഷ നല്കുന്നത് തെറ്റാണെന്ന് ആധുനിക ശൈശവമനഃശാസ്ത്രം അവകാശപ്പെടുന്നു. എന്നാൽ ശിക്ഷണം അനിവാര്യമാണ് (Corrective Measures). പുതിയ നിയമം ശരിയായി വ്യാഖ്യാനിച്ചാൽ കുട്ടികളെ മാനസികമായി പീഡിപ്പിക്കുന്ന അധ്യാപകർക്ക് ജോലി നഷ്ടപ്പെടുമെന്ന് മാത്രമല്ല സ്കൂളിന്റെ അംഗീകാരം റദ്ദുചെയ്യാനും സാധ്യതയുണ്ട്. ഈ നിയമം വ്യാപകമായി ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്ന് മാത്രമല്ല, സ്കൂളിലെ അച്ചടക്കത്തെ താളം തെറ്റിക്കുകയും ചെയ്യും.

**6. ന്യൂനപക്ഷ അവകാശങ്ങളുടെ ലംഘനങ്ങൾ**

ഭാരതത്തിന്റെ ഭരണഘടന ആർട്ടിക്കിൾ 30 (1)-ൽ മതഭാഷാന്യൂനപക്ഷങ്ങൾക്ക് നല്കിയിരിക്കുന്ന അവകാശങ്ങൾ അനുസരിച്ച് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുവാനും നടത്തുവാനും അധ്യാപകരെ നിയമിക്കുവാനും കുട്ടികളെ പ്രവേശിപ്പിക്കുവാനും പൂർണസ്വാതന്ത്ര്യം നല്കിയിട്ടുണ്ട്. പുതിയ വിദ്യാഭ്യാസ നിയമത്തിൽ സ്കൂളുകളുടെ നടത്തിപ്പിന് മാനേജ്മെന്റ് കമ്മിറ്റികൾ വിഭാവന ചെയ്യുന്നു (IV 21). മാതാപിതാക്കളുടെയും അധ്യാപകരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രതിനിധികളാണ് മാനേജ്മെന്റ് കമ്മിറ്റിയിലെ അംഗങ്ങൾ. സ്കൂളിന്റെ അനുദിനപ്രവർത്തനങ്ങൾ വിലയിരുത്തുക, സ്കൂളിന്റെ ഭാവി വികസനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കുക, സ്കൂളിന് ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന സാമ്പത്തികസഹായം ചെലവഴിക്കുക, പണം ചെലവാക്കുന്ന രീതി പരിശോധിക്കുക എന്നിവയും സർക്കാരുകൾ അതാതു കാലങ്ങളിൽ നല്കുന്ന നിർദ്ദേശങ്ങൾ നടപ്പിലാക്കുകയുമാണ് മാനേജ്മെന്റ് കമ്മിറ്റികളുടെ ഉത്തരവാദിത്വം. ഈ കമ്മറ്റികളിൽ സ്കൂളിന്റെ ഉടമസ്ഥനോ നടത്തിപ്പുകാർക്കോ യാതൊരു പങ്കുമില്ല. ഭരണഘടന ഉറപ്പ് നല്കുന്ന ന്യൂനപക്ഷ അവകാശങ്ങളുടെ നഗ്നമായ ലംഘനമാണിത്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മാനേജ്മെന്റ് കമ്മിറ്റി കേവലം ഉപദേശക സമിതികൾ മാത്രമായിരിക്കുമെന്ന് കേന്ദ്രവിദ്യാഭ്യാസമന്ത്രി വ്യാഖ്യാനിക്കുന്നുണ്ടെങ്കിലും നിയമത്തിൽ അപ്രകാരമല്ല രേഖപ്പെടുത്തിയിരിക്കുന്നത്. പുതിയ നിയമത്തിലെ IV, 21, 22 വകുപ്പുകൾ ഭേദഗതി ചെയ്യാൻ കേന്ദ്രമന്ത്രിസഭ അംഗീകാരം നല്കിയെങ്കിലും ഇതുവരെ ഇത് പാർലമെന്റിൽ അവതരിപ്പിച്ചിട്ടില്ല.

പുതിയ നിയമത്തിലെ IV, 12 വകുപ്പ് പ്രകാരം സമൂഹത്തിലെ പിന്നാക്കക്കാരായ കുട്ടികൾക്ക് 25% സീറ്റുകൾ മാറ്റിവയ്ക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇതും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം

ഭരണഘടന നല്കിയിട്ടുള്ള അവകാശങ്ങളുടെ ലംഘനമാണ്. ഭരണഘടനയുടെ 93-ാം ഭേദഗതിയിലൂടെ സ്വകാര്യ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് സീറ്റുകൾ സംവരണം ചെയ്തപ്പോഴും ന്യൂനപക്ഷ സ്ഥാപനങ്ങളെ ഒഴിവാക്കുകയായിരുന്നു. രാജ്യത്തെ ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പാവപ്പെട്ടവരും പിന്നാക്കക്കാരുമായ വിദ്യാർത്ഥികളെ പഠിപ്പിക്കുവാനുള്ള കടമയും ഉത്തരവാദിത്വവുമുണ്ട്. ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഈ കടമയും ഉത്തരവാദിത്വവും നിർവഹിക്കണം; അല്ലാതെ നിയമം മൂലം അടിച്ചേല്പിക്കുകയല്ല വേണ്ടത്.

**7. നിയമത്തിന്റെ പരിരക്ഷ**

ഉന്നതമായ ലക്ഷ്യത്തോടെയാണ് വിദ്യാഭ്യാസ അവകാശ നിയമം സർക്കാർ അവതരിപ്പിച്ചിട്ടുള്ളത് എന്നതിൽ സംശയമില്ല. ഈ ലക്ഷ്യപ്രാപ്തിക്കുവേണ്ടി ജനാധിപത്യ മര്യാദകൾ പോലും പാലിക്കാതെ നിയമ പരിരക്ഷ നല്കിയിരിക്കുന്നു. വകുപ്പ് VII, 37 പ്രകാരം വിദ്യാഭ്യാസ അവകാശം കോടതിയിൽ ചോദ്യം ചെയ്യുന്നത് പോലും വിലക്കിയിരിക്കുന്നു. അവകാശങ്ങൾ നിഷേധിക്കപ്പെട്ടാൽ ഭാരതത്തിലെ പൗരന്മാർക്ക് കോടതികളെ സമീപിക്കാം. വിദ്യാഭ്യാസ അവകാശനിയമവും ജനാധിപത്യ സ്വാതന്ത്ര്യത്തിൻ കീഴിൽ വരുന്നതാണ്. VII, 38 വകുപ്പിൽ സംസ്ഥാന ഗവൺമെന്റുകൾക്ക് അതിവിപുലമായ അധികാരങ്ങളാണ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേൽ നല്കിയിരിക്കുന്നത്. ഈ വകുപ്പുകൾ ഉപയോഗിച്ച് സംസ്ഥാന സർക്കാരുകൾക്ക് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പൂർണമായും നിയന്ത്രണ വിധേയമാക്കാൻ സാധിക്കും. നിരീശ്വരവാദ പ്രത്യയശാസ്ത്രങ്ങളിൽ വിശ്വസിക്കുന്ന സർക്കാരുകൾ കേരളം പോലുള്ള സംസ്ഥാനങ്ങളിൽ ഇനിയും ഭരിക്കുവാൻ സാധ്യതയുള്ളതുകൊണ്ട് ഭാവിയിൽ ഈ വകുപ്പുകൾ ഉണ്ടാക്കുന്ന അപകടം അതിഭീകരമായിരിക്കും. വിദ്യാഭ്യാസ അവകാശനിയമം വിഭാവന ചെയ്യുന്ന ഉന്നതമായ ലക്ഷ്യങ്ങൾ കൈവരിക്കണമെങ്കിൽ സർക്കാർ സംവിധാനങ്ങളും സ്വകാര്യമേഖലയും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കേണ്ടതായിട്ടുണ്ട്. സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉറപ്പുവരുത്തണമെങ്കിൽ അവർക്ക് കൂടുതൽ പ്രവർത്തനസ്വാതന്ത്ര്യം നല്കണം. സർക്കാരുകൾക്ക് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മേൽനോട്ടമുണ്ടാകണം. കൂടുതൽ നിയന്ത്രണം അടിച്ചേല്പിച്ചാൽ ഈ മേഖലയിൽ നിന്ന് സ്വകാര്യമാനേജ്മെന്റുകൾ പിൻവാങ്ങാൻ സാധ്യതയുണ്ട്. വിദ്യാഭ്യാസമേഖലയിൽ സ്വകാര്യ മേഖല നൽകുന്ന സേവനം അവഗണിക്കുന്നത് ഏറെ അപകടമുണ്ടാക്കും.

ആറു വയസ്സു മുതൽ പതിനാല് വയസ്സുവരെയുള്ള 20 കോടി കുട്ടികളാണ് ഭാരതത്തിലെ സ്കൂളുകളിൽ പഠിക്കുന്നത്. 9 ലക്ഷം പ്രാഥമിക വിദ്യാഭ്യാസസ്ഥാപനങ്ങൾ രാജ്യത്തുണ്ട്. പ്രാഥമിക വിദ്യാഭ്യാസമേഖലയിൽ മാത്രം വർഷംതോറും സ്കൂളിൽ നിന്ന് കൊഴിഞ്ഞ് പോയവർ 92 ലക്ഷം കുട്ടികളാണ്. 14 വയസ്സിന് താഴെയുള്ള അഞ്ച് കോടി കുട്ടികൾ രാജ്യത്ത് ബാലവേല ചെയ്യുന്നവരാണ്. ഏഴ് കോടി കുട്ടികൾ സ്കൂളിൽ പോലും പോകാത്തവരാണ്. വിദ്യാഭ്യാസം സാർവത്രികമാക്കുന്നതോടെ സ്കൂളിൽ പോകാത്തവർക്കും കൊഴിഞ്ഞു പോകുന്നവർക്കും വിദ്യാഭ്യാസം നിർബന്ധമായി ലഭ്യമാക്കാൻ സഹായമാകും. കുട്ടികളുടെ രാജ്യമാണ് ഇന്ത്യ. ഇത്രയധികം കുട്ടികൾ മറു രാജ്യങ്ങളിൽ ഇല്ല എന്നത് ഭാരതത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നു. വളരുന്ന തലമുറയ്ക്ക് ഏറെ പ്രത്യാശ പകരുന്നതാണ് പുതിയ നിയമം. ഉത്തരവാദിത്വമുള്ള പൗരന്മാരായി നാളത്തെ പൗരന്മാരെ രൂപീകരിക്കുന്നതിൽ വിദ്യാഭ്യാസ അവകാശനിയമം സഹായകമാകും. വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാകുമ്പോൾ അത് ഒരിക്കലും കുട്ടിക്ക്നിഷേധിക്കപ്പെടരുത്. വിദ്യാഭ്യാസ അവകാശനിയമത്തിലെ അപാകതകൾ പരിഹരിക്കപ്പെട്ടാലേ നമ്മുടെ നാട്ടിലെ എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം നൽകുക എന്ന ഉന്നതമായ സ്വപ്നം സാക്ഷാത്കരിക്കാൻ സാധിക്കുകയുള്ളൂ.

പി.ഒ.സി., കൊച്ചി - 25.
ഫോൺ: 0484 2805722, 2805815.
തീയതി: 06.04.2010